LIBRARY ARCHIVES Kerala Legislative Assembly

കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ജീവനക്കാർ- 36

സ്റ്റാറ്റ്യൂട്ടറിയിലേയ്ക്ക് മാറിയിട്ടും കോൺട്രിബ്യൂട്ടറി പെൻഷനിലേയ്ക്ക് തുക ഈടാക്കുന്ന ജീവനക്കാർ - 62

(എഫ്) കോടതി ഉത്തരവിലൂടെ സ്റ്റാറ്റ്യൂട്ടറി പെൻഷനിലേയ്ക്ക് മാറിയ ജീവനക്കാർക്ക് നീതി നടപ്പാക്കാൻ സർക്കാർ നടപടി എവിടെവരെയായെന്ന് അറിയിക്കുമോ?

സ.ഉ(സാധാ)നമ്പർ 3181/2020/പൊ.വി.വ. തീയതി 29-11-2020 പ്രകാരം, 23-2-2013-ലെ സ.ഉ.(എം.എസ്) നമ്പർ 76/2013/പൊ.വി.വ. തീയതി പ്രകാരം സൃഷ്ടിച്ച ജീവനക്കാരെ എൻ.പി.എസ്.-ൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതോടൊപ്പംതന്നെ പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ട ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ച പെൻഷൻ സ്കീമിലേയ്ക്ക് പിടിച്ച തുക 23-8-2016-ലെ സ.ഉ.(പി) നമ്പർ 120/2016/ഫിൻ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയ നടപടികൾ സ്വീകരിച്ച് തിരികെ നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചേളാരി ജി.വി.എച്ച്.എസ്.എസ്. കെട്ടിടനിർമ്മാണം

185(4195) ശ്രീ. അബ്ദുൽ ഹമീദ് പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വീതികൂട്ടി വികസിപ്പിക്കുമ്പോൾ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേളാരി ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ പൊളിച്ചുനീക്കുന്ന കെട്ടിടങ്ങൾക്ക് പകരം കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊളിച്ചുമാറ്റുന്ന കെട്ടിടങ്ങൾക്ക് പകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ടുകൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. പൊളിച്ച് മാറ്റുന്ന കെട്ടിടങ്ങൾക്ക് പകരം കെട്ടിടം നിർമ്മിക്കുന്നതിന് പ്രത്യേക ഫണ്ടുകളൊന്നും നിലവിലില്ല.